ത്തിൽ തന്നെ ഉൾപ്പെട്ട നന്നംപ്ര പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്ന കാര്യം ഉടനേ പരിഗണനയിലില്ല.

തൃശൂർ സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം

119(1607) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തൃശൂർ സൂപ്പർ മാർക്കറ്റിൽ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനങ്ങളും വില്പനയുടെ വിവരവും വിശദമാക്കുമോ;

(ബി) 1999-2000 വർഷത്തെ ഓരോ മാസത്തേക്കും വില്പനയുടെ കണക്കുകൾ വിശദമാക്കുമോ;

(സി) തൃശ്ശൂരിൽ പുതിയതായി തുടങ്ങിയ 'ഫ്രീ മാർജിൻ മാർക്കറ്റ്' കച്ചവടം തുടങ്ങിയത് സൂപ്പർമാർക്കറ്റിന്റെ കച്ചവടത്തെ ബാധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സൂപ്പർമാർക്കറ്റിൽ കച്ചവടം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) തൃശ്ശൂർ തെക്കേ ബസ്റ്റാന്റിലുള്ള ശക്തൻതമ്പുരാൻ നഗറിൽ ഒരു മിനി സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൂടുതൽ വിപുലപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ കൂടാതെ, മാർക്കറ്റിൽ ഇറങ്ങിയിട്ടുള്ള മറ്റു പല സാധനങ്ങളും ഇവിടെ വിറ്റുവരുന്നു. ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ, ഇതിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനാലും ഉപഭോക്താക്കളുടെ അഭിരുചിക്ക് പ്രാധാന്യം നൽകുന്നതിനാലും താരതമ്യേന കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനാലും ഇതിന്റെ പ്രവർത്തനം കൂടുതൽ ജനശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. പച്ചക്കറി, ബേക്കറിയിനങ്ങൾ, സൗന്ദര്യാദായക വസ്തുക്കൾ എന്നിവയ്ക്കായി പ്രത്യേകം കൗണ്ടറുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. ഇതിന്റെയെല്ലാം ഫലമായി വിറ്റുവരവിൽ ക്രമാനുഗതമായ വർദ്ധന ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തെ വിറ്റുവരവ് ഇപ്രകാരമാണ്.

1995-96	-	119.22 ലക്ഷം രൂപ
1996-97	-	204.12 ലക്ഷം രൂപ
1997-98	-	252.62 ലക്ഷം രൂപ
1998-99	-	306.80 ലക്ഷം രൂപ

(ബി)

ഏപ്രിൽ 1999	-	27.86 ലക്ഷം രൂപ
മേയ് 1999	-	29.02 ലക്ഷം രൂപ
ജൂൺ 1999	-	26.12 ലക്ഷം രൂപ
ജൂലൈ 1999	-	30.13 ലക്ഷം രൂപ
ആഗസ്റ്റ് 1999	-	35.43 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ 1999	-	23.81 ലക്ഷം രൂപ
ഒക്ടോബർ 1999	-	29.55 ലക്ഷം രൂപ
നവംബർ 1999	-	31.98 ലക്ഷം രൂപ
ഡിസംബർ 1999	-	30.88 ലക്ഷം രൂപ
ജനുവരി 2000	-	24.07 ലക്ഷം രൂപ

(സി)&(ഡി) ദോഷകരമായി ബാധിച്ചിട്ടില്ല. എന്നിരുന്നാലും സൂപ്പർമാർക്കറ്റിൽ, ഉപഭോക്താക്കൾക്കായി ചില സമ്മാന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഫുഡ് ഇൻസ്പെക്ടർമാരുടെ പരിശോധന

120(1608) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പഴകിയ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹോട്ടലുകളിലും റസ്റ്റാറന്റുകളിലും പരിശോധന നടത്തുന്നതിനും ഇതിന്റെ ഉടമകൾക്കെതിരെ കേസ്സെടുക്കുന്നതിനും ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുമോ;

(സി) നഗരങ്ങളിലും പട്ടണങ്ങളിലും ഹോട്ടലുകളിൽ മൂന്നു മാസത്തിലൊരിക്കൽ ഫുഡ് ഇൻസ്പെക്ടർമാർ പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകുമോ;

(ഡി) ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഫുഡ് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകുമോ;

(ഇ) ഹോട്ടലുകൾ നടത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട ഫുഡ് ഇൻസ്പെക്ടർമാരുടെ അനുമതി വാങ്ങണമെന്ന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മായം ചേർക്കൽ നിരോധന നിയമപ്രകാരം ഭക്ഷണ സാധനങ്ങളുടെ സാമ്പിൾ എടുക്കാനും പരിശോധനയ്ക്കയക്കാനും പരിശോധനയിൽ മായം ചേർത്തവയെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടാൽ കേസ്സ് ചാർജ്ജ് ചെയ്യുവാനുമുള്ള അധികാരം ഫുഡ് ഇൻസ്പെക്ടർമാർക്കാണുള്ളത്.

(സി) നഗരങ്ങളിലും പട്ടണങ്ങളിലും ഹോട്ടലുകളിൽ പരിശോധന നടത്തേണ്ടത് അതാതു നഗരസഭയുടെ കീഴിലുള്ള ഹെൽത്ത് സ്കാഡുകളാണ്.

(ഡി) ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുവാൻ ഇപ്പോൾതന്നെ ആരോഗ്യ വകുപ്പിന്റെയും നഗരസഭയുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly